നം.കെ.എസ്.എ-കെ.ടി.എം.പി14/1123/2019 തീയതി : 23.08.2019

# കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വക 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **തീക്കോയി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.10.18 മുതൽ 30.6.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പ പിരിവ്, അവയുടെ ഒടുക്ക്, 01.04.18 മുതൽ 30.6.2019 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പ പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡ അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 20.07.2019ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുക മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ട് ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടിക പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2019- 20.07.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.രഞ്ജിത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ഷാജിമോൻ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജോഷി തോമസ്, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.സി.ജെയിംസ് | 01.04.2018- 30.06.2018 |
| | ശ്രീമതി ലീലാമ്മ ജോർജുകുട്ടി | 30.06.18- 03.08.18 |
| | ശ്രീ.പി.ജെ.സെബാസ്റ്റ്യൻ | 04.08.18- 31.03.2019 |
| സെക്രട്ടറി | ശ്രീ.പി.ജെ.ജോസുകുഞ്ഞ് | 01.04.2018- 27.06.2018 |
| | ശ്രീ.വി.കെ.രാജീവ്(HC incharge) | 28.06.2018- 08.10.18 |
| | ശ്രീ.സാറാമ്മ ജോസഫ് (HC incharge) | 09.10.18-10.10.18 |
| | ശ്രീ.വി.വി.രാജീവ് | 11.10.18- 20.12.18 |
| | ശ്രീ.ആർ.രാജീവ് (incharge) | 21.12.18- 31.12.18 |
| | | |

| | | |
|---|---|---|
| | ശ്രീമതി ഗ്രീസാ പി.എ. | 01.01.19- 31.03.19 |

**നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ബിജു കെ. | 01.04.18- 31.03.19 |
| വി.ഇ.ഒ | ശ്രീ.അരുൺ പിള്ള | 01.04.2018- 26.11.18 |
| | ശ്രീ.രാജൻകുട്ടി എൻ.ജി. | 27.11.2018- 19.01.19 |
| | ശ്രീ.സതീഷ്കുമാർ പി.എസ്. | 20.01.2019- 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അജിത കെ.എസ്. | 01.04.2018- 31.03.19 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അനിറ്റ ജോസഫ് | 01.04.2018- 31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജോത്സ്യന സദാനന്ദൻ<br>ഡോ.ദീപ ആർ.എസ്.<br>ഡോ.സൗമ്യലക്ഷ്മി കെ.കെ. | 01.04.2018- 30.06.2018<br>01.07.18- 23.07.18<br>24.07.18- 31.03.19 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ജി.ഹരികുമാർ<br>ഡോ.ഇ.ജി.പത്മനാഭൻ<br>ഡോ.അനീഷ് വി.ശർമ്മ | 01.04.2018- 10.08.2018<br>11.08.18- 11.10.18<br>12.10.18- 31.03.19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.അനിയൻ | 01.04.2018- 27.11.18 |
| | ശ്രീ.റൊണാൾഡ് വിൽസൺ | 28.11.18- 31.03.19 |
| കൃഷി ഓഫീസർ | ശ്രീമതി ഹണി ലിസ ചാക്കോ | 01.04.2018- 31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ദയ പുരുഷോത്തമൻ | 01.04.2018 - 24.06.18 |
| | ശ്രീമതി അനിതകുമാരി എം.ടി. | 25.06.18- 05.08.18 |
| | ശ്രീമതി ദയ പുരുഷോത്തമൻ | 5.8.18- 8.8.18 |
| | ശ്രീ.രാഘവൻ പി.സി. | 09.08.18- 09.10.18. |
| | ശ്രീമതി ദയ പുരുഷോത്തമൻ | 10.10.18- 15.12..18 |
| | ശ്രീമതി ഗ്രീഷ്മ കെ.ആർ. (Charge) | 16.12.18-18.12.18 |
| | ശ്രീ.സൈജു ഒ.ബി. | 19.12.18- 4.1.19 |
| | ശ്രീമതി രജനി ജെ. | 5.1.19- 6.3.19 |
| | ശ്രീമതി ഗ്രീഷ്മ കെ.ആർ. | 07.03.19- 31.03.19 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം (വാർഷിക പദ്ധതി ഘടകങ്ങൾ മാത്രം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി അനർഹമായി ഇളവുകൾ നൽകി |
| 2-2 | വസ്തുനികുതി അനർഹമായി ഒഴിവാക്കി |
| 2-3 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ വിവിധ മുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ നികുതി കുറവായി നിർണ്ണയിച്ചു |
| 2-4 | രജിസ്ട്രേഷനെടുക്കാതെയോ പുതുക്കാതെയോ റിസോർട്ടുകളും ലോഡ്ജുകളും പ്രവർത്തിക്കുന്നു |
| 2-5 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും പുതുക്കിയ ലൈസൻസ് ചട്ടങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ചും |
| 2-6 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കുന്നതിൽ വീഴ്ച |
| 2-7 | രസീതുബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ സംബന്ധിച്ച് |
| 2-8 | മിനിമം ബാലൻസ് ഇല്ലാത്തതിനാൽ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും തുക നഷ്ടമായത് സംബന്ധിച്ച് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കരാർ ചമയ്ക്കാൻ താമസിച്ചു-പിഴ ഈടാക്കിയിട്ടില്ല |
| 3-2 | കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3-3 | വയോജനസൗഹൃദം, കട്ടിൽ വിതരണം-പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് |
| 3-4 | ഹരിതഭവനം-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ |
| 3-5 | എസ്.സി.വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ പഠനമുറി-പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല |
| 3-6 | മേൽക്കൂര മാറ്റിവെയ്ക്കൽ(എസ്.ടി.വിഭാഗം)-അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല |
| 3-7 | എസ്.ടി.വിദ്യാർത്ഥികൾക്ക് പഠനമുറി-അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല |

| | |
|---|---|
| 3-8 | ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല |
| 3-9 | അഗതിരഹിത കേരളം-ആശ്രയ-അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല |
| 3-10 | സ്ട്രീറ്റ്ലൈറ്റ്-കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-11 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല-3,43,829 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-12 | തുമ്പശ്ശേരി അങ്കണവാടി നിർമ്മാണം-നിർമ്മാണം തുടങ്ങിയിട്ടില്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 16.03.18 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജ പ്രകാരമുള്ള വരവുചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 14,06,385 | 43,81,511 | 29,75,126 | |
| വരവ് | 15,55,40,737 | 7,35,23,271 | | - 8,20,17,466 |
| ആകെ | 15,69,47,122 | 7,79,04,782 | | -7,90,42,340 |
| ചെലവ് | 15,59,71,636 | 7,03,24,586 | | -8,56,47,050 |
| നീക്കിയിരിപ്പ് | 9,75,486 | 75,80,196 | 66,04,710 | |

വാർഷിക ബജറ്റ് സവിസ്തരവും വാസ്തവീകവുമായ രീതിയിൽ നിയമാനുസൃ നടപടിക്രമങ്ങളും സമയപരിധിയും പാലിച്ച് തയ്യാറാക്കേണ്ടതാണ്. ബജറ്റിൽ നിന്നുള അസാധാരണമായ വ്യതിചലനത്തിനുള്ള കാരണം വിശകലന വിധേയമാക്ക തുടർവർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടിക സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 24.5.19ൽ ഓഡിറ്റിനായി സമർപ്പിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.5.19 മുതൽ 25.05.19 വരെ | കെ.എസ്.എ-കെ.ടി.എം.പി.14-768/19<br>തീയതി 4.6.19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43,81,511 |
| വരവ് | 7,35,23,271 |
| ആകെ | 7,79,04,782 |
| ചെലവ് | 7,03,24,586 |
| നീക്കിയിരിപ്പ് | 75,80,196 |

## 1-5 ഫണ്ട് വിനിയോഗം(വാർഷിക പദ്ധതി ഘടകങ്ങൾ മാത്രം)

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 86,23,000 | 86,23,000 | 85,76,969 | 46,031 | 99.4 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10,33,000 | 10,33,000 | 7,32,865 | 3,00,135 | 71 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 8,08,000 | 8,08,000 | 5,99,338 | 2,08,662 | 74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,29,60,000 | 1,29,60,000 | 1,10,19,246 | 19,40,754 | 85 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 27,80,000 | 27,80,000 | 18,38,550 | 9,41,450 | 66 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 55,91,093 | 55,91,093 | 28,20,680 | 27,70,413 | 50.4 |
| പെർഫോമൻസ് ഗ്രാന്റ് | 0 | - | - | - | - | - |

ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗ ലക്ഷ്യം കൈവരിക്കാത്തതിനാലും ഭേദഗ കൂടാതെ തുടരുന്ന സ്പിൽഓവർ പ്രോജക്ടുകളുടെ ക്യാരിഓവർ വിഹിത

സർക്കാരിൽ നിന്നും ലഭിക്കാത്തതിനാലും 62.07 ലക്ഷം രൂപ ഗ്രാമപഞ്ചായത്തി ആത്യന്തികമായി നഷ്ടമായി. ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കുന്നതി പദ്ധതി നിർവ്വഹണ ആസൂത്രണ/നിർവ്വഹണ നടപടിക്രമങ്ങ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 168 | 7,68,31,343 | 135 | 4,02,98,630 | 233 | 80.35 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.19 ലെ ഉത്തര നം.490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 24.2.18 മുതൽ 27.2.18 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 26.2.18 |
| ഊരുകൂട്ട ഗ്രാമസഭ | 26.2.18 |
| വികസനസെമിനാർ | 5.3.18 |
| വർക്കിംഗ് ഗ്രൂപ്പുകൾ | 23.01.18, 5.3.18 |
| ബാലസൗഹൃദ ഗ്രാമസഭ | 24.02.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 7,68,31,343/- രൂപയും ആകെ ചെലവ് 4,02,98,630/- രൂപയുമാണ്. ലഭ്യമാ വികസനഫണ്ട് എല്ലാ വിഭാഗവും കൂടി വകയിരുത്തിയ 1,09,39,670/- രൂപയിൽ 99,09,172/- രൂപ ചെലവഴിച്ചിട്ടു 2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തി പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കാൻ സാധിച്ചിട്ടുണ്ടെ കാണുന്നു. അംഗീകാരം ലഭിച്ച 168 പ്രോജക്ടുകളിൽ 135 എണ്ണം നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പാക്കുന്നതി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളു അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവും തുടർനിരീക്ഷണ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് വേണ്ടി തലങ്ങളിൽ നിന്നും തുക ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി പ്ലാസ്റ്റി ഷ്രെഡിങ്ങ് യൂണിറ്റ് ആരംഭിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപ നാളിതുവ വിനിയോഗിച്ചിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർ പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ 23.01.18. 5.3.18 എ രണ്ട് പ്രാവശ്യം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോ തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തി

മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,10,00,434 | 11,0,00,434 | 1,10,00,434 | 0 |
| കാഷ് | 9448 | 2,52,075 | 2,62,523 | 2,48,676 | 13,847 |
| ആകെ | 9448 | 1,12,52,509 | 1,12,62,957 | 1,12,49,110 | 13,847 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58,080 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 21,67,600 | 179 |
| വിധവാപെൻഷൻ | 34,85,100 | 296 |
| വാർദ്ധക്യകാലപെൻഷൻ | 68,89,200 | 727 |
| വികലാംഗപെൻഷൻ | 16,86,800 | 135 |
| അവിവാഹിത പെൻഷൻ | 2,22,800 | 21 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30,000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.20 തീയതിയിൽ 03:15 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തു പരിശോധനയിൽ 4,675/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വൽ ഭാഗം I അനുബന്ധം (ബി) യിലെ ചോദ്യാവ അടിസ്ഥാനമാക്കി തീക്കോയി ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാ പഠനവിധേയമാക്കി. ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 'സാംഖ്യ' സോഫ്റ്റ്വെയറി അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക വിനിമയങ്ങള രേഖപ്പെടുത്തൽ നടത്തുകയും സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വിവിധ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ക്യാഷ് ബുക ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ, വാർഷിക നീക്കിയിരുപ്പുകള പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയ സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സാംഖ്യാ സ്റ്റേഷനറിക്കും മാന്വൽ രസീത് ബുക്കുകൾക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ/സബ് വൗച്ചറുകൾ തയ്യാറാക്കിയാണ് ചെലവുകൾ നടത്തുന്നത്. ധനകാ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി അവതരിപ്പിക്കുന്ന വാർഷിക കണക്കുകൾ ജനറൽ കമ്മിറ്റി പാസ്സാക്കുന്നുണ്ട്. ബാ അക്കൗണ്ടുകളിലെ ഇടപാടുകൾ സൂപ്പർവൈസറി ഉദ്യോഗസ്ഥർ കൃത്യമായി നിരീക്ഷിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.19 | 5/19 | റിപ്പോട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.18- 8.2.18 | 2012-13- 2016-17 | എൽ.ബി.എ (എച്ച് ക്യൂ)11/8A-2781/380 -തീയതി12.04.18 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഖണ്ഡിക 1-3 പ്രകാരമുള്ള റിപ്പോർട്ടിലെ അനുബന്ധം 2ൽ പരാമർശിച്ചിരുന്ന അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തിക അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) തൊഴിൽനികുതി - ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽ/ട്രേഡേഴ്സ് I-1 ഷെഡ്യൂൾ പ്രകാരം തൻവർഷ ഡിമാന്റ് 1,91,960 രൂപയും രജിസ്റ്റർ പ്രകാരം 1,85,910/- രൂപയുമാണ്.

5) കെട്ടിടനിർമ്മാണ പെർമിറ്റ് ഇനത്തിൽ (RP-4) ഷെഡ്യൂൾ പ്രകാരം 43,066/- രൂപ വരവുണ്ട്. എന്നാൽ ഇ സംബന്ധിച്ച രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

6) ബി-7 ഷെഡ്യൂളിൽ Bidders security deposit എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള 15,000/- രൂപ rent depo ഇനത്തിലുള്ളതാണ്.

7) ബി7 ഷെഡ്യൂളിൽ ഉൾപ്പെട്ട Auction deposit എന്ന ഹെഡിലുള്ള 6,000/- രൂപയുടെ വിവരം സംബന്ധി വിശദീകരിക്കപ്പെട്ടില്ല. ലേല രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8) RP-31 ഷെഡ്യൂളിൽ 320300102 എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 2,02,13,742/- രൂപയുടെയും, 320700210 എ ശീർഷകത്തിൽ ഉൾപ്പെട്ട 1,75,000/- രൂപയുടെയും, 320700405 എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 2,39,622/- രൂപയുടെ കൃത്യത അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പരിശോധിക്കുന്നതിന് സാധിച്ചില്ല.

9) ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട 320100121 എന്ന ശീർഷകത്തിലെ 1,10,394/- രൂപയുടെ 320200322 എന്ന ശീർഷകത്തിലെ 28,040/- രൂപയുടെയും, 320300102 എന്ന ശീർഷകത്തില 18,32,810/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിക്കുന്നതി സാധിച്ചില്ല.

10) ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 21,970 രൂപയുടെ വരവ് വാർഷികകണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി അനർഹമായി ഇളവുകൾ നൽകി

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.4.15ലെ സ.ഉ.(എം.എസ്.)144/15 നമ്പർ ഉത്തരവ് പ്രകാരം 60 ച.മീറ്റർ(660 സ്ക്വ ഫീറ്റ്) വരെ വിസ്തീർണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ഒ കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒ വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തി സ.ഉ(എം.എസ്.) 358/15/തസ്വഭവ തീ.16.12.15 പ്രകാരം സർക്ക സ്പഷ്ടീകരണം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് പല കെട്ടിടങ്ങൾക്കും നികുതി ഇള അനുവദിച്ചിട്ടുണ്ടെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരം കെട്ടിട ഉടമ | സഞ്ചയ പ്രകാരം താമസക്കാരൻ | തറ വിസ്തീർണം (ച.മീ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 9/96 | പി.സി.ജോർജ്, | പി.സി.ജോർജ് | 30.24 | സർക്കാർ ഉത്തരവ് (എം.എസ്) |

| | | | | | |
|---|---|---|---|---|---|
| | | പെരുവാച്ചിറയിൽ | പെരുവാച്ചിറയിൽ | | നം. 358/15 പ്രകാരം നികുതി ഒഴിവാക്കിയിരിക്കുന്നു |
| 2 | 9/257 A | പി.സി.ജോർജ്, പെരുവാച്ചിറയിൽ | പി.സി.ജോർജ്, പെരുവാച്ചിറയിൽ | 31.5 | |
| 3 | 12/110 | എത്സി ജോസ്, തറപ്പേൽ | രേഖപ്പെടുത്തിയിട്ടില്ല | 58.755 | സർക്കാർ ഉത്തരവ് (എം.എസ്.) നം. 358/15 പ്രകാരം നികുതി ഒഴിവാക്കിയിരിക്കുന്നു |
| 4 | 12/110 A | എത്സി ജോസ്, തറപ്പേൽ | രേഖപ്പെടുത്തിയിട്ടില്ല | 19 | |
| 5 | 13/84 | കുഞ്ഞുമുഹമ്മദ് അഷറഫ്, വള്ളിപ്പാറ | കുഞ്ഞുമുഹമ്മദ് അഷറഫ്, വള്ളിപ്പാറ | 55.76 | സർക്കാർ ഉത്തരവ് (എം.എസ്.) നം. 358/15 പ്രകാരം നികുതി ഒഴിവാക്കിയിരിക്കുന്നു |
| 6 | 13/86 | കുഞ്ഞുമുഹമ്മദ് അഷറഫ്, വള്ളിപ്പാറ | കുഞ്ഞുമുഹമ്മദ് അഷറഫ്, വള്ളിപ്പാറ | 59 | |
| 7 | 13/13 A | ജോസഫ് ജോസ്, കണ്ടത്തുംകര | പി.എൻ.ഗോപാലൻ, പുളയ്ക്കപ്പറമ്പിൽ | 18.65 | നികുതി ഒഴിവാക്കിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. |
| 8 | 13/13 B | ജോസഫ് ജോസ്, കണ്ടത്തുംകര | റോസമ്മ ജോസഫ്, കല്ലുമാലിൽ | 19.55 | |

കൂടാതെ സതീഷ് ജോർജ് നമ്പൂടാകത്ത്, തീക്കോയി 12/220 B എന്ന 51 ച.മീ. വിസ്തീർണമുള്ള കെട്ടിടത്തി ഉപയോഗക്രമത്തിൽ നികുതി, ഉപനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കി ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. ഇതിനോടടുത്ത് 12/220 A എന്ന 210 ച.മീ. വിസ്തീർണമുള്ള കെട്ടി ഇതരവ്യവസായം എന്ന ഗണത്തിലുൾപ്പെട്ട കെട്ടിടമാണ്.

ഇതു സംബന്ധിച്ച എൻക്വയറിക്ക് (എൻക്വയറി നം.8/19) മറുപടിയായി മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ ഉടമസ്ഥ നൽകിയ സത്യവാങ്മൂലപ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ സമയത്ത് നികുതി ഒഴിവാക്കി ലോ ചെയ്തിട്ടുള്ളതാണെന്നും ടി കെട്ടിടങ്ങളുടെ ഉടമസ്ഥർക്ക് മറ്റ് കെട്ടിടങ്ങളുള്ളത് സംബന്ധിച്ച് അന്വേഷണം നടത അനർഹമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതിനുള്ള നടപടി സഞ്ചയ സോഫ്റ്റ്‌വെയർ അൺലോക്ക് ചെയ്യ സമയത്ത് സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റി അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി അനർഹമായി ഒഴിവാക്കി

പഞ്ചായത്തിന്റെ വസ്തു നികുതി പരിശോധന നടത്തിയപ്പോൾ നികുതി, ഉപനികുതി എന്നിവ ഒഴിവാക്ക കെട്ടിടങ്ങളുടെ ഗണത്തിൽ 12/122 A എന്ന കെട്ടിടം ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. വികാർ, സെന്റ് മേരീസ് ചർ തീക്കോയി എന്ന പേരിലുള്ള കെട്ടിടത്തിന് സെക്ഷൻ 207 (1) എ പ്രകാരം മതപഠനശാലകൾ എന്ന കാരണത്താലാ നികുതി ഒഴിവ് നൽകിയത്. എന്നാൽ വിശദമായ അന്വേഷണത്തിൽ ടി കെട്ടിടം പള്ളിയുടെ പാരിഷ് ഹാളാണെ ബോധ്യമായി. അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ എന്ന ഗണത്തി പെടുത്തി ച.മീറ്ററിന് മുപ്പത് രൂപ നിരക്കിൽ നികുതി ഈടാക്കേണ്ട കെട്ടിടമാണ് അനർഹമായ ആനുകൂ നൽകിയിട്ടുള്ളത്. ഈടാക്കേണ്ട നികുതി നിരക്ക് ചുവടെ കൊടുക്കുന്നു.

| വാർഡ്, കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം(ച.മീ.) | ഈടാക്കേണ്ട ഉപയോഗ ക്രമം | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും |
|---|---|---|---|---|---|

| | | | | | വർദ്ധനവുകളും കൂടാതെ) |
|---|---|---|---|---|---|
| 12/122 A | വികാർ, സെന്റ് മേരീസ് ചർച്ച് തീക്കോയി | 1242.34 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ മുതലായവ | 30 | 37,270 |

ഇതു സംബന്ധിച്ച എൻക്വയറിക്ക്(7/19) മറുപടിയായി കെട്ടിടത്തിന്റെ ഉപയോഗക്രമം സ്ഥലപരിശോധന നടത ബോധ്യപ്പെട്ട് അനർഹമായി ഒഴിവാക്കി നൽകിയതാണെങ്കിൽ ആയത് പരിഹരിച്ച് നികുതി പുനർനിർണയം നടത തുക ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. ഈ കെട്ടിടം കൂടാതെ പഞ്ചായത്ത് പരിധിയിൽ സമാനമായ കെട്ടിടങ്ങളുണ്ടെങ്കിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-3 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ വിവിധ മുറികളായി വിഭജിച്ച് നികുതി നിർണയിച്ചതിനാൽ നികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യ ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെ ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ' കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതി ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമാ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനിക തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ ഒ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവ വാണിജ്യാവശ്യത്തിനുള്ള 100/-ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ, ഷോപ്പുക ഗോഡൗണുകൾ എന്നിവയ്ക്ക് ബാധകമാകുന്ന നികുതി നിരക്കായ 50/- രു പകരം വാണിജ്യാവശ്യത്തിനുള്ള 100/-ചതുര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് ബാധകമാകേ 40/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം, കെട്ടിട നം., ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ.) | ഈടാക്കിയ വസ്തു നികുതി (ഇളവുകളും വർദ്ധനവും ഉൾപ്പെടെ) (+20%,+5% LC) | ഈടാക്കേണ്ട വസ്തുനികുതി (ഇളവുകളും വർദ്ധനവും ഉൾപ്പെടെ) (+20%,+5% LC) | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 2/437 A, കെ.വി.ജോയി കണ്ടത്തിൽ, തീക്കോയി | 121 | 7,623 | 7,623 | -- | ആകെ വിസ്തീർണം 390.3 ച.മീ. |
| 2 | 2/437 B, കെ.വി.ജോയി കണ്ടത്തിൽ, | 21.3 | 1,075 | 1,342 | 267 | |

| | | | | | | |
|---|---|---|---|---|---|---|
| | തീക്കോയി | | | | | |
| 3 | 2/437 C,<br><br>കെ.വി.ജോയി കണ്ടത്തിൽ, തീക്കോയി | 11 | 555 | 693 | 138 | |
| 4 | 2/437 D,<br><br>കെ.വി.ജോയി കണ്ടത്തിൽ, തീക്കോയി | 21 | 1,059 | 1,323 | 264 | |
| 5 | 2/437 F,<br><br>കെ.വി.ജോയി കണ്ടത്തിൽ, തീക്കോയി | 195 | 12,285 | 12,285 | -- | |
| 6 | 2/437 E,<br><br>കെ.വി.ജോയി കണ്ടത്തിൽ, തീക്കോയി | 21 | 1,059 | 1,323 | 264 | |
| | **ആകെ** | **390.3** | **23,656** | **245,89** | **933** | |
| 7 | 10/92 A,<br><br>ഡേവിസ് എസ്. പാംപ്ലാനി, തീക്കോയി | 198 | 12,474 | 12,474 | -- | ആകെ വിസ്തീർണം 238.06 ച.മീ. |
| 8 | 10/92 B,<br><br>ഡേവിസ് എസ്. പാംപ്ലാനി, തീക്കോയി | 20.03 | 1,263 | 1,263 | -- | |
| 9 | 10/92 C,<br><br>ഡേവിസ് എസ്. പാംപ്ലാനി, തീക്കോയി | 20.03 | 1,011 | 1,263 | 252 | |
| | **ആകെ** | **238.06** | **14,748** | **15,000** | **252** | |
| 10 | 12/111 A,<br><br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 36.29 | 1,830 | 2,286 | 456 | ആകെ വിസ്തീർണം 283.4 ച.മീ. |
| 11 | 12/111 D,<br><br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 28.42 | 1,434 | 1,790 | 356 | |
| 12 | 12/111 L, | 12.28 | 620 | 774 | 154 | |

| | | | | | | |
|---|---|---|---|---|---|---|
| | സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | | | | | |
| 13 | 12/111 B,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 18 | 908 | 1,134 | 226 | |
| 14 | 12/111 C,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 19.16 | 966 | 1,207 | 241 | |
| 15 | 12/111 G,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 18 | 908 | 1,134 | 226 | |
| 16 | 12/111 F,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 18.68 | 942 | 1,257 | 315 | |
| 17 | 12/111 E,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 27.19 | 1,372 | 1,712 | 340 | |
| 18 | 12/111 H,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 18.38 | 928 | 1,158 | 230 | |
| 19 | 12/ 111 J,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 24 | 1,210 | 1,512 | 302 | |
| 20 | 12/111 K,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 13 | 656 | 819 | 163 | |
| 21 | 12/111 I,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 18 | 908 | 1,134 | 226 | |
| 22 | 12/111 P, | 16 | 1,008 | 1,008 | -- | |

| | | | | | | |
|---|---|---|---|---|---|---|
| | സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | | | | | |
| 23 | 12/111 Q,<br>സാന്റോ സി. പുല്ലാട്ട് & പി.സി.ജോസ് പുല്ലാട്ട്, തീക്കോയി | 16 | 1,008 | 1,008 | --- | |
| | **ആകെ** | **283.4** | **14,698** | **17,933** | **3,235** | |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.12/9) പ്രസ്തുത കെട്ടിടങ്ങളുടെ സഞ്ച പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി ഫോം 6 ലോക്ക് ചെയ്തിട്ടുള്ളതിനാൽ നിലവിൽ തിരുത്തൽ വരുത്ത സാധിക്കില്ലെന്നും സഞ്ചയ അൺലോക്ക് ചെയ്ത് ലഭിക്കുന്നതനുസരിച്ച് നികുതി പുനർനിർണയിച്ച് ഇ ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ പ്യൂരിഫിക്കേഷ സമയത്തുണ്ടായിട്ടുള്ള അപാകതകളെല്ലാം ചൂണ്ടിക്കാട്ടി സഞ്ചയ സോഫ്റ്റ്‌വെയർ അൺലോക്ക് ചെയ്തു ലഭ്യമാക്കുക പരിഹാരനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-4 രജിസ്ട്രേഷനെടുക്കാതെയോ പുതുക്കാതെയോ റിസോർട്ടുകളും ലോഡ്ജുകളും പ്രവർത്തിക്കുന്നു

വിനോദ സഞ്ചാര സാധ്യതയേറിയ വിവിധ സ്ഥലങ്ങൾ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളിലും മറ്റും ഉള്ളതിനാ വളരെയേറെ റിസോർട്ടുകളും ഹോം സ്റ്റേകളും ലോഡ്ജുകളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ട്രാവൻ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് 1955 (സെക്ഷൻ 101 മുതൽ 107 വരെ) പ്രകാരം ലോഡ്ജിംഗ് ഹൗസുകൾ രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് ഈടാക്കി പഞ്ചായത്ത് രജിസ്റ്റർ ചെയ്തു വരുന്നുണ്ട്. എന്നാൽ 2018-19 വർ നൽകിയ പരിശോധനയിൽ രജിസ്ട്രേഷനെടുക്കാതെയോ പുതുക്കാതെയോ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതാ കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | ഉടമയുടെ പേര്, സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|---|
| 1 | 7/117 | അജിത് ആശാസദൻ | റിസോർട്ട് |
| 2 | 7/255 | വി.ജെ.ജോർജ് കുളങ്ങര, എം.ഡി. ലേബർ ഇന്ത്യ | റിസോർട്ട് |
| 3 | 272 C | ഹോഗ്ഗി നോൾസ് റിസോർട്ട്സ് | റിസോർട്ട് |
| 4 | 272 D | ഹോഗ്ഗി നോൾസ് റിസോർട്ട്സ് | റിസോർട്ട് |
| 5 | 272 E | ഹോഗ്ഗി നോൾസ് റിസോർട്ട്സ് | റിസോർട്ട് |
| 6 | 272 F | ഹോഗ്ഗി നോൾസ് റിസോർട്ട്സ് | റിസോർട്ട് |
| 7 | 272 G | ഹോഗ്ഗി നോൾസ് റിസോർട്ട്സ് | റിസോർട്ട് |
| 8 | 10/142 F | ജോസ് സെബാസ്റ്റ്യൻ, പാംപ്ലാനിയിൽ | ലോഡ്ജ് |
| 9 | 10/142 G | ജോസ് സെബാസ്റ്റ്യൻ, പാംപ്ലാനിയിൽ | ലോഡ്ജ് |
| 10 | 10/142 H | ജോസ് സെബാസ്റ്റ്യൻ, പാംപ്ലാനിയിൽ | ലോഡ്ജ് |
| 11 | 11/241 G | സെബാസ്റ്റ്യൻ, കണിയാംകുന്നേൽ | ലോഡ്ജ് |
| 12 | 7/241 D | ഷൈൻ റോയി, പാറയ്ക്കൽ | ലോഡ്ജ് |
| 13 | 7/154 A | തോമസ് ജോൺ, കാഞ്ഞിരക്കാട്ട് | ലോഡ്ജ് |

| | | | |
|---|---|---|---|
| 14 | 6/235 D | സിബി കെ.എസ്., കര്യാലപ്പ്ഴ | ലോഡ്ജ് |
| 15 | 6/235 E | സിബി കെ.എസ്., കര്യാലപ്പ്ഴ | ലോഡ്ജ് |
| 16 | 6/235 F | സിബി കെ.എസ്., കര്യാലപ്പ്ഴ | ലോഡ്ജ് |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി 13/19) ഹോഗി നോൾസ് എന്ന സ്ഥാപനത്തിന് 2018- ൽ നമ്പർ നൽകിയിട്ടുണ്ടെങ്കിലും റിസോർട്ട് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന മറുപടി നൽകി. പഞ്ചായത്ത് പരിധിയി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ സംബന്ധിച്ച് ഫീൽഡുതല അന്വേഷണം നടത്തി റിസോർട്ട്, ഹോംസ ലോഡ്ജിംഗ് ഹൗസ് എന്നിവയ്ക്ക് രജിസ്ട്രേഷനെടുക്കാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതി നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും പുതുക്കിയ ലൈസൻസ് ചട്ടങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ചും

അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും ലൈസൻസ് നൽകൽ ചട്ടങ്ങൾ എന്നത് വ്യവസായങ്ങ ഫാക്ടറികളും വ്യാപാരങ്ങളും സംരംഭകപ്രവർത്തനങ്ങളും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ എ ഭേദഗതി വരുത്തി പുതുക്കിയ നിരക്കുകളും സ്ലാബുകളും വ്യക്തമാക്കി 20.10.17 പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുള്ളതാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും 2018-19 കാലയളവിൽ പുതുക്കിയ നിരക്കുകൾ ബാധകമാക്കിയിട്ടില്ലെ ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച എൻക്വയറിക്ക്(10/19) മറുപടിയായി ലൈസൻസ് നിയമങ്ങൾ പ്രാബല്യത്തി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 2019-20 സാമ്പത്തിക വർഷം മുതൽ ഇത പ്രകാരം ലൈസൻ അനുവദിച്ചു വരുന്നുണ്ടെന്നും മറുപടി നൽകി. പുതുക്കിയ ലൈസൻസ് ചട്ടങ്ങൾ പ്രകാരം ഈടാക്കുന്നതിനുള്ള ഫീ നിശ്ചയിച്ച് ബൈലോ തയ്യാറാക്കുന്നത് ഉചിതമാണ്.

സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുപ്പത് ദിവസം മുമ്പ് തന്നെ അപേക്ഷകൾ സമർപ്പിച്ച് ലൈസൻ പുതുക്കണമെന്നാണ് നിയമം നിഷ്കർക്കിക്കുന്നത്. എന്നാൽ 2018-19 വർഷത്തെ ലൈസൻസ് പരിശോധിച്ചതിൽ ആ ലഭിച്ച 146 അപേക്ഷകളിൽ 4 അപേക്ഷകൾ മാത്രമാണ് നിശ്ചിത കാലയളവിൽ സമർപ്പിച്ചത്. വർഷാവസാനം വ അപേക്ഷകൾ ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് സംബന്ധിച്ച എൻക്വയറിക്ക് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും മാർച്ച് മാസത്തിനു മുമ്പ് അടുത്ത് സാമ്പത്ത വർഷത്തേക്കുള്ള ലൈസൻസ് അപേക്ഷകൾ സമർപ്പിക്കണമെന്ന് പത്രദ്വാരാ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറു നൽകി. അറിയിപ്പുകൾ നൽകിയിട്ടുണ്ടെങ്കിലും അപേക്ഷകൾ സമർപ്പിക്കാതെയും ലൈസൻസില്ലാതെയും സ്ഥാപനങ്ങ പ്രവർത്തിക്കുന്നുണ്ടെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പഞ്ചായത്ത് സെക്രട്ടറി ലൈസൻസില്ലാ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ലൈസൻസ് യഥാസമ നൽകുന്നതിനു നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 2-6 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഈടാക്കുന്നതിൽ വീഴ്ച

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ ത്രിവേണി നന്മ സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് 2012-17 വ കാലയളവിലേക്ക് വാടകരഹിതമായി നൽകിയിരുന്നു. എന്നാൽ പ്രസ്തുത കാലയളവ് അവസാനിച്ചതിനു ശേ നാളിതുവരെയായിട്ടും വാടക ഈടാക്കുകയോ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. നിരം നിശ്ചയിക്കാൻ എ.ഇ. എൽഎസ്ജിഡി യെ ഏൽപ്പിച്ചു പ്രകാരം പ്രതിമാസ വാടകയായി 6,988 രൂപ( 18 ശതമാ ജിഎസ് ടിയും) നിശ്ചയിക്കുകയും 2018 ഏപ്രിൽ മുതൽ വാടക ഈടാക്കുന്നതിനും 18.2.18 തീയതിയിലെ 1 തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

സമാനമായി ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിലെ മൂന്നാം നമ്പർ ഷട്ടർ റൂം റബർ ബോർഡ് ഫീൽ ഓഫീസിനു വേണ്ടി 2017-18 വരെ വാടകരഹിതമായി നൽകിയിരുന്നു. വാടകരഹിത കാലാവധി അവസാനിച്ചതി ശേഷം അസിസ്റ്റന്റ് എഞ്ചിനീയർ എൽഎസ്ജിഡി പ്രതിമാസ വാടകയായി 1,493/- രൂപ (18 ശതമാനം ജിഎസ് ടി) നിശ്ചയിച്ചിരുന്നു. 2018 ഏപ്രിൽ മുതൽ പ്രസ്തുത തുക ഈടാക്കുന്നതിന് 18.2.19 ൽ ചേർന്ന 11/2 നമ്പർ തീരുമാനമാ കമ്മിറ്റി അംഗീകരിച്ചു. രണ്ടു മുറികളുടെയും 2019 ജൂൺ വരെയുള്ള വാടക കുടിശിക ചുവടെ ചേർക്കുന്നു.

| ത്രിവേണി സൂപ്പർ മാർക്കറ്റ് | | |
|---|---|---|
| പ്രതിമാസ വാടക(18% ജിഎസ്ടി ഉൾപ്പെടെ) | കാലയളവ് | ഈടാക്കേണ്ട വാടക കുടിശിക (പിഴ പലിശ കൂടാതെ) |
| 8,246 | 2018 ഏപ്രിൽ മുതൽ 2019 ജൂലൈ വരെ | 8246x15=1,23,690 |
| റബർ ബോർഡ് ഓഫീസ് | | |
| 1,762 | 2018 ഏപ്രിൽ മുതൽ 2019 ജൂലൈ വരെ | 1762x15=26,430 |

വാടകരഹിത കാലാവധി അവസാനിച്ച് നാളുകളായിട്ടും വാടക ഈടാക്കുന്നതിനോ കരാറിൽ ഏർപ്പെടുന്നതിം സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക് (എൻക്വയറി നം.9/19) ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയി അജണ്ടയായി ഉൾപ്പെടുത്തി വാടക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടു പ്രസ്തുത സ്ഥാപനങ്ങളുമായി വാടകകരാറിൽ ഏർപ്പെടേണ്ടതും വാടക കുടിശിക പലിശ സഹിതം ഈടാക്കുന്നതി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ സംബന്ധിച്ച്

1) പഞ്ചായത്തിന്റെ വിവിധ പിരിവുകൾക്കായി ജീവനക്കാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും രസീത് ബുക്കു നൽകുമ്പോൾ രസീത് ബുക്കിലുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത സെക്രട്ടറി/അക്കൗണ്ടന്റ്/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പ് വെച്ച് നൽകേണ്ടതാണ്. എന്നാൽ രസീതു ബുക്കുകളു പരിശോധനയിൽ പഞ്ചായത്തിൽ ഇത് പാലിക്കുന്നില്ലെന്ന ബോധ്യപ്പെട്ടു.

2) അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിരതദ്രവ്യം/സെക്യൂരിറ്റി നിക്ഷേപം ഇനങ്ങളിലും മറ്റും പണം സ്വീകരിക്കുന്നതിന വേ രണ്ടു രസീതു ബുക്കുകൾ (ബുക്ക് നം.5462, 19386) അനുവദിച്ചിരുന്നു. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടി പരാമർശിച്ചിരുന്ന ഓഡിറ്റ് നഷ്ടം 21,970 രൂപ വിവിധ ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും രസീതുക പ്രകാരം അടവാക്കിയിരുന്നു. ടി രസീതുകളുടെ ഡ്യൂപ്ലിക്കേറ്റുകൾ ലഭ്യമാക്കി പിന്നീട് ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടു പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് വരവു വെയ്ക്കാതെ നേരിട്ട് ട്രഷറി അക്കൗണ്ടിലേക്ക് (3054-80-911-NP-9 അടവാക്കി. ഓഡിറ്റ് റിക്കവറി തുകകൾ പഞ്ചായത്ത് രസീതുകൾ നൽകി അക്കൗണ്ടിലെടുത്തതിനുശേഷം മാത്രം ട്രഷ ഹെഡിൽ അടക്കേണ്ടതാണ്. പഞ്ചായത്ത് രസീത് ബുക്കിൽ പിരിക്കുന്ന തുക പഞ്ചായത്ത് അക്കൗണ്ടി കണക്കിലെടുത്തതിനു ശേഷം മാത്രമേ ട്രഷറി ഹെഡിൽ അടവാക്കാവൂ. വാർഷിക ധനകാര്യ പത്രികയിലെ ഓഡ റിക്കവറി എന്ന ഹെഡിൽ തുക ആയതിനാൽ വരവ് വന്നിട്ടില്ല.

രസീതു ബുക്കുകളുടെ ഉപയോഗത്തിലും സാമ്പത്തിക വിനിമയത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-8 മിനിമം ബാലൻസ് ഇല്ലാത്തതിനാൽ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും തുക നഷ്ടമായത് സംബന്ധിച്ച്

വസ്തു നികുതി പിരിവിന്റെ ഓൺലൈൻ പെയ്മെന്റിനായി പഞ്ചായത്ത് ഇ-പെയ്മെന്റ് അക്കൗണ്ട് നിലനിർത്തുന്നു (എസ് ബി ഐ 67396602462). എന്നാൽ മിനിമം ബാലൻസ് നിലനിർത്താത്തതിനാൽ മൂന്നു മാസം ഇടവ അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കി പോരുന്നുണ്ട്. 2018-19 വർഷം ഈ അക്കൗണ്ടിലേക്ക് വരവായി വ തുകയേക്കാൾ കൂടിയ തുകയാണ് ഈ വിധത്തിൽ അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജായി ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | ഈടാക്കിയ ബാങ്ക് ചാർജ് | തീയതി |
|---|---|---|
| 1 | 590 | 30.6.18 |
| | | |

| | | |
|---|---|---|
| 2 | 590 | 30.9.18 |
| 3 | 590 | 31.12.18 |
| 4 | 590 | 31.3.19 |
| 5 | 590 | 30.6.19 |
| 6 | 649 | 12.3.19(മറ്റു ചാർജിനം) |

നികുതിദായകർ ഓൺലൈനായി ഒടുക്കിയ തുക പൂർണ്ണമായി ബാങ്ക് പിഴയായി ഈടാക്കിയതിനാൽ നഷ്ടമാ ഇപ്രകാരം തുക നഷ്ടപ്പെടുന്ന സാഹചര്യം യഥാസമയം ശ്രദ്ധിക്കാതെ ഉപേക്ഷ വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഇപ്രകാരമുള്ള സ്ഥിതി കർശനമായി ഒഴിവാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച എൻക്വയറിക്ക്(9/19) മറുപടിയായി പ്രസ്തുത അക്കൗണ്ട് കറന്റ് അക്കൗണ്ടായതിനാൽ മിനി ബാലൻസായ 10,000 രൂപ നിലനിർത്തണമെന്ന് ബാങ്കിൽ നിന്ന് അറിയിച്ചതിനെ തുടർന്ന് ആയതിനുള്ള നട സ്വീകരിച്ച് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനു നഷ്ടം സംഭവിക്കുന്ന ഇത്തരം സാഹചര്യ ഒഴിവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല

തീക്കോയി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളി നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി (പി)നം.13/2012/PWD/തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്ന PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 141/19 കാരികാട് ടോപ്പ് മെഷീൻകര റോഡ് സംരക്ഷണഭിത്തി നിർമ്മാണം | ശ്രീ.ഷാജി മാത്യു, കണ്ടത്തിൽ, മൂന്നിലവ് | 14.2.18 | 24.03.18 | 2,49,371 | 2,494 |
| 2 | 36/19 ഞണ്ടുകല്ല് (ശാന്തിഗിരി) ചേരിപ്പാട് റോഡ് കോൺക്രീറ്റിംഗ് | റ്റി.എ. സുലൈമാൻ, തെക്കേമുറിഞ്ഞൂർ, കളത്തുക്കടവ് | 27.09.18 | 15.10.18 | 3,49,738 | 3,497 |
| 3 | 58/19, മലമാൽ മാടത്താനി റോഡ് കോൺക്രീറ്റിംഗ് | റ്റി.എ. സുലൈമാൻ, തെക്കേമുറിഞ്ഞൂർ, കളത്തുക്കടവ് | 27.09.18 | 15.10.18 | 1,99,425 | 1,994 |
| 4 | 139/19, മംഗലഗിരി ഒരപ്പരക്കാട് റോഡ് | സാവിയോ സെബാസ്റ്റ്യൻ, പുത്തൻപുരയിൽ, തിടനാട് | 6.11.17 | 4.12.17 | 2,72,138 | 2,721 |

| | | | | | | |
|---|---|---|---|---|---|---|
| | സംരക്ഷണഭിത്തി നിർമ്മാണം | | | | | |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറി നം.1 ന് മറുപടി ലഭ്യമാക്കിയതിൽ ക്രമ നം.1, 4 എന്നീ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പ ഈടാക്കിയതായും മറ്റ് രണ്ട് കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം.2, 3 എ പ്രവൃത്തികളുടെ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-2 കന്നുകുട്ടി പരിപാലനം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 19/19 |
| അടങ്കൽ | 10,00,000 രൂപ (വികസന ഫണ്ട്- 250000 + സംസ്ഥാനാവിഷ്കൃതം- 250000 + ഗുണഭോക്തൃവിഹിതം- 5,00,000) |
| ചെലവ്- | 2,50,000 രൂപ (ബിൽ നം.2/18-19/12.02.2019) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട് ഗുണഭോക്താക്കളുള്ള പഞ്ചായത്ത് വിഹിതം 2,50,000 രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (ടി.എസ്.ബി. അക്കൗണ്ട് നം.708011400000050) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫയ പരിശോധിച്ചതിൽ 40 കിടാരികളെ എൻറോൾ ചെയ്ത് തീക്കോയി ക്ഷീരസഹകരണസംഘം വഴി 5/19, 6/ മാസങ്ങളിലെ കാലിത്തീറ്റ വിതരണം ചെയ്തതായി കണ്ടു. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# 3-3 വയോജനസൗഹൃദം, കട്ടിൽ വിതരണം - പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച്

**പ്രോജക്ട് വിശകലനം**

| പ്രോജക്ട് നമ്പർ/പേര് | **അടങ്കൽ**/ഫണ്ടിനം | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| എസ് 032/18-19 വയോജനസൗഹൃദം- കട്ടിൽ വിതരണം | 4,68,600(466000- വികസനഫണ്ട്+2600 തനതുഫണ്ട്) | | |
| | വികസന ഫണ്ട് | 3,55,000(വികസന ഫണ്ട്) | 23/18-19/ 21.2.19 |
| | | 1,11,000 | 31/18-19/ 29.3.19 |

പ്രോജക്ട് നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ 23.10.18 ലെ 1/19 നമ്പർ നോട്ടീസ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ 7 ക്വട്ടേഷനുകൾ ലഭിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്വട്ടേഷനുകൾ സമർപ്പിച്ച | ഒരു കട്ടിലിന് ക്വോട്ട് | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | ആളുകളുടെ വിവരം | ചെയ്ത തുക (ആഞ്ഞിലി കട്ടിലിന്) | |
| 1 | സ്റ്റാൻലി മാത്യു, തട്ടാംപറമ്പിൽ | 4,000/- | ഉയർന്ന നിരക്കായതിനാൽ നിരസിച്ചു |
| 2 | വെറൈറ്റി ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട | 18% GST ഉൾപ്പടെ 4,012/- | ഉയർന്ന നിരക്ക് |
| | | GST - ഇല്ലാതെ 3,400/- | അംഗീകരിച്ച ക്വട്ടേഷനും നികുതി ഉൾപ്പെടാതെ നിരക്ക് കോട്ട് ചെയ്തിട്ടുള്ളതിനാൽ അതിലും കുറഞ്ഞ നിരക്കാണ്. |
| 3 | സിയാദ് അമ്പഴത്തുങ്കൽ, വുഡ്സിയ ഫർണിച്ചർമാർട്ട് | 4,250/- | ഉയർന്ന നിരക്കായതിനാൽ നിരസിച്ചു |
| 4 | തോമസ് ഫ്രാൻസിസ് ചെങ്ങഴച്ചിറയിൽ, തീക്കോയി | 3,900/- | ഉയർന്ന നിരക്കായതിനാൽ നിരസിച്ചു |
| 5 | ബിനുമോൻ പി.എ., അയ്യപ്പൻ ഫർണിച്ചർ മാർട്ട്, തീക്കോയി | 3,550/- | അംഗീകരിച്ച ക്വട്ടേഷൻ |
| 6 | ഷുഹൈബ് സി.പി., ചായിപ്പറമ്പിൽ ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട | നോർമൽ കട്ടിൽ- 3,350/- | കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിരസിച്ചു |
| | | സൂപ്പർ മോഡൽ- 4,050 | |
| 7 | ഡെക്കോറാത്ത് ഇറ്റാലിയൻ സോഫാ ആന്റ് ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട | 2,999 (എല്ലാ വിധ നികുതികളും ഉൾപ്പടെ) | ലഭിച്ച ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്ക്. നിരസിച്ചതിന് കാരണം വ്യക്തമല്ല. |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് കമ്മറ്റിയുടെ 16.11.18- ലെ 2(10) നമ്പർ തീരുമാനപ്രകാരം ആഞ്ഞിലി കട്ടിലിന് ഏറ്റവും കുറഞ്ഞ നിരം ക്വോട്ട് ചെയ്ത ഷുഹൈബ് സി.പി., ചായിപ്പറമ്പിൽ എന്നയാളുടെ ക്വട്ടേഷനിൽ ആഞ്ഞിലി തടി നോർമൽ കട്ടിലി 3,350/-രൂപ എന്നും, സൂപ്പർ മോഡൽ കട്ടിലിന് 4,050 രൂപ എന്നും ക്വോട്ട് ചെയ്തിട്ടുള്ളതിനാൽ ആഞ്ഞിലി തടി നോർമ

കട്ടിലിൽ ഗുണനിലവാരം കുറഞ്ഞതാവാം എന്ന് വിലയിരുത്തൽ നടത്തി ഒഴിവാക്കുന്നതിനും, ആഞ്ഞിലി കട്ടിലി 3,550/-രൂപ ക്വോട്ട് ചെയ്ത ബിനുമോൻ പി.എ., അയ്യപ്പൻ ഫർണിച്ചർ മാർട്ട്, തീക്കോയി എന്നയാളുടെ ക്വട്ടേഷ അംഗീകരിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ആഞ്ഞിലി തടി നോർമൽ കട്ടിലിൽ ഗുണനിലവാരം കുറഞ്ഞതാവ എന്ന് വിലയിരുത്തൽ നടത്തിയത് സാങ്കേതിക വിദഗ്ദരുടെ സഹായത്തോടെ പരിശോധന നടത്തിയതിെ അടിസ്ഥാനത്തില്ല എന്ന് കാണുന്നു.

2) ലഭ്യമായ ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്ക് 2,999 രൂപ (എല്ലാ വിധ നികുതികളും ഉൾപ്പടെ) ക്വോട്ട് ചെയ്ത ഡെക്കോറാത്ത് ഇറ്റാലിയൻ സോഫാ ആന്റ് ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട എന്ന സ്ഥാപനമാണ്. എന്നാൽ ഉ ക്വട്ടേഷൻ നിരസിക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

3) വെറൈറ്റി ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട എന്ന സ്ഥാപനം GST - ഇല്ലാതെ 3,400/- രൂപയാണ് ക്വോട്ട് ചെയ്തിരുന്ന അംഗീകരിച്ച ക്വട്ടേഷനും നികുതി ഉൾപ്പെടാതെയുള്ള നിരക്കാണ്ക്വോട്ട് ചെയ്തിട്ടുള്ളത്. ഹാജരാക്കിയിട്ടുള്ളത് T സഹിതമുള്ള ബിൽ അല്ല. ഇതിൽ നിന്നും അംഗീകരിച്ച നിരക്കിലും കുറഞ്ഞ നിരക്കാണ് ടി സ്ഥാപനം ക്വേ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

4) ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 129 കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ഗുണഭോക്താക്കൾ വിതരണ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം 132 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. കട്ടിലുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. അപാകതകൾ സംബന്ധി വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/18-19 ന് ലഭ്യമാക്ക് മറുപടിയിൽ അംഗീകരിച്ച ക്വട്ടേഷൻ നിരക്കിനേക്കാൾ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത എല്ലാ സ്ഥാപനങ്ങളുടെ കട്ടിലുകൾ ഗുണനിലവാരം കുറഞ്ഞവയാണ് എന്ന് പഞ്ചായത്ത് കമ്മറ്റി നേരിട്ട് പരിശോധിച്ചതി ബോദ്ധ്യമായിരുന്നതായി അറിയിച്ചു. എന്നാൽ പരിശോധന സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടി പഞ്ചായത്ത് കമ്മറ്റിയുടെ 16.11.18- ലെ 2(10) നമ്പർ തീരുമാനപ്രകാരം ആഞ്ഞിലി കട്ടിലിന് ഏറ്റവും കുറഞ്ഞ നിര ക്വോട്ട് ചെയ്ത ഷുഹൈബ് സി.പി., ചായിപ്പറമ്പിൽ എന്നയാളുടെ ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ള ആഞ്ഞിലി തടി നോർമ കട്ടിലിൽ ഗുണനിലവാരം കുറഞ്ഞതാവാം എന്ന് വിലയിരുത്തൽ നടത്തി ഒഴിവാക്കുന്നതിന് തീരുമാനിക്കുകയാ ചെയ്തിട്ടുള്ളത്. കമ്മറ്റി മിനിറ്റ്സിൽ കമ്മറ്റി നേരിൽ പരിശോധന നടത്തിയതായി പരാമർശിക്കുന്നില്ല. മാത്രമല്ല കുറ നിരക്ക് ക്വോട്ട് ചെയ്ത മറ്റ് സ്ഥാപനങ്ങളുടെ കാര്യം കമ്മറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തി അംഗീകരിച്ച ക്വട്ടേഷനിലും നികുതി ഉൾപ്പെടാതെ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളതിനാൽ അതിലും കുറഞ്ഞ നിരക്ക് ക്വേ ചെയ്ത വെറൈറ്റി ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരസിച്ചത് ക്രമപ്രകാരമല്ല എ വിലയിരുത്തുന്നു. ഇത് പ്രകാരം 3,400/-രൂപയ്ക്ക് ലഭിക്കുമായിരുന്ന കട്ടിൽ 3,550 രൂപയ്ക്ക് വാങ്ങിയത് പ്രകാരം ഉണ്ടാ അധികചെലവ് 19,800/(3550-3400= 150x132)രൂപയും വിതരണ വിവരങ്ങൾ ലഭ്യമാക്കാത്ത മൂന്ന് കട്ടിലുകളുടെ ചെല 10,650/-രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഹരിതഭവനം- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ഫണ്ടിനം | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|---|
| 131/19- ഹരിതഭവനം | വികസനഫണ്ട് | 1,00,000/- | 10/18-19/12.03.19 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം ശ്രീ.ജോസ് കുരുവ് അഴകത്തേൽ തീക്കോയി എന്നയാൾക്ക് 1,00,000/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതി തീക്കോയി ഗ്രാമ പഞ്ചായത്തിലെ സാങ്കേതികവിഭാഗം ഓവർസീയർ, വെറ്ററിനറിസർജൻ എന്നിവരുടെ മൂല്യനിർണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചത്. സാങ്കേതികവിഭാഗം ഓവർസീയറു മൂല്യനിർണയ സർട്ടിഫിക്കറ്റിൽ മൂന്നാം ഇനമായി 4.30x4.20= 18.060sqm വിസ്തീർണ്ണമുള്ള കാലിത്തൊഴുത്തിെ മൂല്യനിർണയം നടത്തിയിട്ടുണ്ട്. എന്നാൽ 19.07.19 ൽ നടത്തിയ സ്ഥലപരിശോധനയിൽ കാലിത്തൊഴുത്തിന്റെ അള 3.5x3= 10.5sqm മാത്രമാണ് എന്ന് കണ്ടു. മാത്രമല്ല ചാണകം ശേഖരിക്കുന്നതിനാവശ്യമായ സൗകര്യം, കാലിത്തൊഴുത്തി വീഴുന്ന ഗോമൂത്രം ശേഖരിക്കുന്നതിനുള്ള ടാങ്ക്, പശുവിന് തീറ്റ നൽകുന്നതിനുള്ള സൗകര്യം എന്നിവയൊന്ന ഉൾപ്പെടുത്താതെ ഒരു ഷെഡ് മാത്രമായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത ഷെഡിൽ നിലവിൽ പശുവിനെ വളർത്തുന്ന് എന്നും, വിറകും മറ്റും സൂക്ഷിക്കുന്നതായും അധികൃതരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ വെറ്ററിനറിസർജൻ നൽകിയിട്ടുള്ള മൂല്യനിർണയ സർട്ടിഫിക്കറ്റിൽ പശുക്കളും, കിടാരികളും ഉള്ളതായാ കാണിച്ചിട്ടുള്ളത്. എന്നാൽ ഇവയൊന്നും നേരിട്ടുള്ള പരിശോധനയിൽ കാണപ്പെട്ടില്ല. ഗുണഭോക്തൃവിഹിതം വകയിരുത

നേരിട്ട് ചെലവഴിച്ചതായി കാണിച്ചിട്ടുള്ളത് വെറ്റിനറിസർജൻ നൽകിയിട്ടുള്ള മൂല്യനിർണയ സർട്ടിഫിക്കറ്റി ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾക്കാണ്. 14.2.18ലെ ജി.ഒ.(എം.എസ്.)22/18 തസ്വഭവ നമ്പർ സബ്സിഡി മാർഗരേഖയി ഹരിതഭവനം പ്രോജക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലിച്ചിരിക്കേണ്ട വ്യവസ്ഥകളും മാനദണ്ഡങ്ങ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത് പ്രകാരം വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തു ചെറുകിട നാമമാത്ര കർഷകരായിരിക്കണം ഗുണഭോക്താക്കൾ. ഊർജസംരക്ഷണം, മിതവ്യയം, സുരക്ഷിതത്വം എന്ന് ഉറപ്പാക്കുക, വീട്ടുവളപ്പ് ഹോംസ്റ്റഡ് ഫാം പ്ലാൻ നടപ്പാക്കാൻ തയ്യാറാകുന്നവർക്ക് സഹായങ്ങൾ നൽകുക, നടപ്പാക്ക മുറയ്ക്ക് തദ്ദേശഭരണ സ്ഥാപനത്തിലെ മിഷൻടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകുക, ചെ പ്രവർത്തനങ്ങൾക്കനുസൃതമായി വിവിധ സബ്സിഡികൾ, പ്രത്യേകമായി പറഞ്ഞിട്ടുള്ളവയ്ക്ക് അതും, അതിലുപരിയാ പ്രവർത്തനങ്ങൾക്ക് ഇതിൽ നിർദ്ദേശിക്കുന്ന സബ്സിഡിയും നൽകുക. വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവസംരക്ഷണം, മാലിന്യ സംസ്കരണം, ഊർജസംരക്ഷണ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകിഅടുത്ത നാലുവർഷങ്ങളിലാ ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങണം. ഗുണഭോക്താക്കൾ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവുംനൽകി ഏകീകൃത രീതി രൂപപ്പെടുത്തണം. എന്നാൽ മാർഗ്ഗരേഖയി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളോ പൊതുനിബന്ധനകളോ ഇത്തരം പ്രസ്തുത പ്രോജക്റ്റ് നടത്തിപ്പിൽ പാലിച്ചിട്ടി ഫെറോസിമന്റ് ടാങ്ക് നിർമ്മാണം, പടുതാക്കുളം നിർമ്മാണം, കിണർ റീചാർജിംഗ് പ്രവൃത്തികൾ എന്നിവ മാത്രമാ പൂർത്തീകരിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതിനും പ്രോജക്റ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ പഠനമുറി- പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്റ്റിന്റെ വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ/ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 95/19 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി | എസ്.സി.പി | 50,000 | 20/18-19/ 23.2.19 |
| | | 50,000 | 28/18-19/ 29.3.19 |
| | | 1,00,000 | 5/18-19/6.1.19 |
| | 400000(വികസനഫണ്ട്, എസ്.സി.പി.) | | |
| **ആകെ** | | **2,00,000** | |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച മേ പ്രോജക്റ്റ് പ്രകാരം നാല് ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. അഡ്വാൻസ് നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവ ചേർക്കുന്നു.

1) മനുമുരുകൻ, രേവതിവിലാസം, തീക്കോയി

2) ശ്രീജിത് ഗോപി & ജിഷ്ണു ഗോപി, നീലിയറപറമ്പിൽ, വെള്ളികുളം

3) അരുൺ രാജകുമാർ, മുല്ലക്കൽ, തീക്കോയി

4) ഉണ്ണികൃഷ്ണൻ ആർ., വേലൻകുന്നേൽ, തീക്കോയി

അഡ്വാൻസ് കൈപ്പറ്റിയ ശ്രീ.മനമുരുകൻ, രേവതിവിലാസം എന്ന ഗുണഭോക്താവ് വിദ്യാർത്ഥിയാണ് എ തെളിയിക്കുന്നതിനാവശ്യമായ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊ ഹാജരാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡ എൻക്വയറി നം.4/18-19 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം മനമുരുകൻ, രേവതിവിലാസം, എന്ന വിദ്യാർത്ഥി പഠിക്ക സ്ഥാപന മേധാവിയുടെ 19.07.19 ലെ സാക്ഷ്യപത്രം ഹാജരാക്കുകയുണ്ടായി. പഠനമുറി നിർമ്മാണത്തിന് അപേ സമർപ്പിക്കുന്ന സമയത്തുതന്നെ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കി മാത്രം ധനസഹാ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അഡ്വാൻ നൽകിയ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതിനും പൂർത്തീകര സർട്ടിഫിക്കറ്റ് ലഭ്യമാക്കി 2 ലക്ഷം രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടിക സ്വീകരിക്കേണ്ടതാണ്.

## 3-6 മേൽക്കൂര മാറ്റിവയ്ക്കൽ (എസ്.ടി. വിഭാഗം) - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന്റെ വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 100/19 മേൽക്കൂര മാറ്റിവയ്ക്കൽ (എസ്.ടി) | ടി. എസ്.പി | 50,000/- | 18/18-19/23.02.19 |
| | | 25,000/- | 26/18-19/18.3.19 |
| | 1,50,000 (ടി.എസ്.പി.) | | |
| **ആകെ** | | **75,000** | |

പ്രോജക്ട് പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം അഡ്വാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് കൈപ്പറ്റിയതിൽ രണ്ട് ഗുണഭോക്താക്ക നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കമലാക്ഷി ഗോവിന്ദൻ, കരോട്ട്പറമ്പിൽ, വെള്ളികുളം പി.ഒ.

2) എം.ജെ.തോമസ്, മാവുങ്കൽ, അടുക്കം

അഡ്വാൻസ് കൈപ്പറ്റി നാളിതുവരെയായിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത സാഹചര്യത്തിൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽക്കൂ മാറ്റിവയ്ക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവ്യമായ നടപടികൾ ഭരണസമിറ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-7 എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി- അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന്റെ വിശകലനം ചുവടെ ചേർക്കുന്നു. എസ്. പഠനമുറി (നമ്പർ 95/19)

| പ്രോജക്ട് നമ്പർ, പേര് | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 99/19 എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനമുറി | ടി.എസ്.പി | 50,000/- | 12/18-19/19.01.19 |
| | | 50,000/- | 30/18- |

| | | | |
|---|---|---|---|
| | | | 19/29.3.19 |
| **ആകെ** | | **1,00,000** | |

പ്രോജക്റ്റ് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. അഡ്വാൻസ് നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവ ചേർക്കുന്നു.

1) സോന ജോൺ, പൊട്ടൻപ്ലാക്കൽ, തീക്കോയി

2) ജിനുമോൾ ബാബു, പുളിക്കൽ, തീക്കോയി

അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ പഠനമുറി നിർമ്മാണം തീർത്തിട്ടില്ലാത്ത സാഹചര്യത്തിൽ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവ്യമായ നടപടികൾ ഭരണസമി തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-8 ഒടുക്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

2018-19 സാമ്പത്തിക വർഷം വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങ പ്രോജക്ടുകൾക്ക് തുക ഒടുക്കി എങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ/ ഫണ്ടിനം | ചെലവ് തുക/ ബിൽ നം./ തീയതി | തുക ഒടുക്കിയ സ്ഥാപനം | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാനുള മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 18/19- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോമിയോ മെഡിക്കൽ ഓഫീസർ | 1,50,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 1/18-19/ 14.01.19 | ഹോംകോ ആലപ്പുഴ | ലഭിച്ചില്ല | 1,50,000/- |
| 15/19- ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ആയൂർവേദ മെഡിക്കൽ ഓഫീസർ | 74,720/- (വികസനഫണ്ട്) | 74,720 (7/18-19/ 27.2.19) | ഔഷധി | 3,24,720 | 1,61,000 |
| | | 4,11,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 50,000 (2/18-19/ 29.9.18) | | | |
| | | | 1,80,000 (4/18-19/ 23.11.18) | | | |
| | | | 70,000 (5/18-19/ 23.1.19) | | | |
| | | | 1,11,000 (6/18-19/ 27.2.19) | | | |
| | | 6,35,720 | | | 3,24,720 | 3,11,000 |

തുക ഒടുക്കി നാളിതുവരെയായിട്ടും മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 3,11,000 രൂപയുടെ ചെലവ് ഓഡിറ്റി തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 അഗതിരഹിത കേരളം- ആശ്രയ - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന്റെ വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | വകയിരുത്തിയ തുക | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 135/19 അഗതിരഹിത കേരളം ആശ്രയ | 2,50,000 | വികസനഫണ്ട് (ജനറൽ) | 62,500/- | 17/18-19/ 14.2.19 |
| | | | 62,500 | 27/18-19/ 25.3.19 |
| | | | 1,25,000 | |

പ്രോജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 62,500/- രൂപ വീതം ഭവനപുനരുദ്ധാരണത്തിന് അഡ്വാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കളും നാളിതുവരെ നിർമ്മാണ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) രാമകൃഷ്ണൻ ഓലിക്കൽ, തേവരുപാറ

2) അമ്മിണി ഭാസ്കരൻ, പാറ്റാക്കുഴിയിൽ, തീക്കോയി

അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ നിർമ്മാണം തീർത്തിട്ടില്ലാത്ത സാഹചര്യത്തിൽ 1,25,000/- രൂപയു ചെലവ് തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ ഭരണസമിതി തലത്തി സ്വീകരിക്കേണ്ടതാണ്.

# 3-10 സ്ട്രീറ്റ്ലൈറ്റ് -കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല

തീക്കോയി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ തീക്കോയി, പൂഞ്ഞാർ, പീരുമേട് എന്നീ ഇലക്ട്രിക്ക സെക്ഷനുകളുടെ കീഴിലാണ്. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ സ്ഥാപിച്ചിട്ടുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണ സംബന്ധിച്ച് കൃത്യമായ വിവരം പഞ്ചായത്തിന്റെ കൈവശം ഇല്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വ്യക്ത വരുത്തുന്നതിനായി നാളിതു വരെ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന പഞ്ചായത്ത് നടത്തിയിട്ടി ആയതിനാൽ തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ശേഖരിക്കുന്നതിനായി സംയുക്ത പരിശോധ നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്ന് ഉൾക്കൊള്ളിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

# 3-11 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല-3,43,829 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗവിവരം ലഭ്യമായില്ല.

1) <u>തീക്കോയി -ചേരിമല ലൈൻ എക്സ്റ്റൻഷൻ</u>

| | |
|---|---|
| പ്രോജക്ട് നം. | എസ്179/18-19 |
| പ്രോജക്ട് | തീക്കോയി -ചേരിമല ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 20,462 |
| ചെലവ് | 20,462 |
| ബിൽ നം. | 31/18-19/15.02.2018-20,462/- |

**2) തീക്കോയി കല്ലേക്കുളം കുളത്തിങ്കൽ റോഡിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ**

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്-163/2019 |
| പ്രോജക്റ്റ് | തീക്കോയി കല്ലേക്കുളം കുളത്തിങ്കൽ റോഡിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | 13,640/- |
| ചെലവ് | 1,35,936/- |
| ബിൽ നം. | 44/2019/26.03.2019-1,35,936/- |

**3) തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ**

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്-33/2019 |
| പ്രോജക്റ്റ് | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | 1,87,431 |
| ചെലവ് | 1,87,431 |
| ബിൽ നം. | 27/18-19/29.01.19 1,87,431/- |

മേൽ മൂന്ന് പദ്ധതികൾക്കായി യഥാക്രമം 20,462/- രൂപയും 1,35,936/- രൂപയും 1,87,431/-രൂപയും അസിസ്റ്റ എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തീക്കോയി യുടെ പേരിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാ കെ.എസ്.ഇ.ബി.യിൽ നിന്ന് തുക കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ടി പ്രോജക്ടുക നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. നാളിതുവരെ പ്രസ്തുത പ്രവർത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി പ്രവർത്തികൾ ചെലവഴിച്ച 3,43,829 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 തുമ്പശ്ശേരി അങ്കണവാടി നിർമ്മാണം-നിർമ്മാണം തുടങ്ങിയിട്ടില്ല

തുമ്പശ്ശേരി അങ്കണവാടി നിർമ്മാണം എന്ന പദ്ധതിക്ക് വേണ്ടി 5,80,000/-രൂ പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗത്തിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 180/19 |
| അടങ്കൽ | 5,80,000 |
| ചെലവ് | 5,80,000 |
| ബിൽ നം./തീയതി/തുക | 32/18-19/27.02.2019/4,80,000 |
| | 33/18-19/27.02.2019/1,00,000 |

തീക്കോയി ഗ്രാമപഞ്ചായത്തിലെ 143-ാം നമ്പർ അങ്കണവാടിക്ക് സ്റ്റേറ്റ് പ്ലാൻ പ്രകാര നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളതാണ്. വനിതാ ശിശുവികസന വകുപ്പ് വിഹിതമായ 60% (8,70,000/-) രൂപയും പഞ്ചായത്ത് വിഹിതമായ 40% (5,80,000/-) രൂപയുമുൾപ്പെ ആകെ 14,50,000/-രൂപ ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്. പ്രോജക്ടിന്റെ നിർമ്മാണ ചുമതല പി.ഡബ്ല്യു.ഡി ക്കാണ് നൽകിയിട്ടുള്ള പഞ്ചായത്ത് വിഹിതമായ 5,80,000/-രൂപ നിർവ്വഹണ ഏജൻസിക്ക് നൽകുന്ന മുറക കെട്ടിടം നിർമ്മാണം ആരഭിക്കുന്നതിന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 26.10.17 ഐ.സി.ഡി.എസ് *എ7-3187*16-ാം നം. കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി തു ജില്ലാ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 844 00-108 പി.ഡബ്ല്യൂ.ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുമാണ

എന്നാൽ ബിൽ നം.32, 33 (27.02.2019) എന്നിവ പ്രകാരം 5,80,000/- രൂ പിൻവലിച്ചിട്ടുണ്ടെങ്കിലും ടി ശീർഷകത്തിൽ അടവാക്കിയതു സംബന്ധി പി.ഡബ്ല്യു.ഡി യിൽ നിന്നും കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല. നാളിതുവരെയു അങ്കണവാടി നിർമ്മാണം നടത്തുന്നതിന് വേണ്ടി യാതൊരു നടപടികളു ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാർ വിഹിതവും പൂരകമായ പഞ്ചായത്ത് വിഹിത ഡെപ്പോസിറ്റ് ചെയ്തിട്ടും പ്രവൃത്തി ആരംഭിക്കുക പോലും ചെയ്യാത്തത് ആവശ്യമാ തുടർനടപടി/ഇടപെടലിന്റെ അഭാവം മൂലമാണ്. പ്രസ്തുത സാഹചര്യത്തി തുമ്പശ്ശേരി അങ്കണവാടി നിർമ്മാണം എന്ന പ്രോജക്ടിന് വേണ്ടിയുള്ള 5,80,00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 15.09.18 | 1,00,000 | പാലിയേറ്റീവ് കെയർ | 67,775 | 32,225 |
| | 07.04.18 | 54,260 | | 54,260 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 13.08.18 | 10,05,400 | | 100 | 5,400 |
| | 25.09.18 | 1,26,914 | ലൈഫ് മിഷൻ | 1,00,000 | 26,914 |
| | 21.03.19 | 8,81,320 | ലൈഫ് മിഷൻ (എസ്.ടി.) | 6,40,000 | 2,41,320 |
| ബ്ലോക്ക് പഞ്ചായത്ത് | 21.03.19 | 3,66,902 | ലൈഫ് മിഷൻ(എസ്.ടി.) | 3,66,902 | |
| ബ്ലോക്ക് പഞ്ചായത്ത് | | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 14.08.18 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 31.08.18 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 05.09.18 | 1,75,000 | അനുപൂരക പോഷകാഹാരം | 64,562 | 1,10,438 |
| ജില്ലാ പഞ്ചായത്ത് | 22.09.18 | 11,41,952 | ലൈഫ് മിഷൻ | 11,20,000 | 21,952 |
| ജില്ലാ പഞ്ചായത്ത് | 22.09.18 | 2,39,622 | ലൈഫ് എസ്.ടി | 2,39,622 | 0 |
| ജില്ലാ പഞ്ചായത്ത് | 01.04.18 | 10,00,000 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് | 0 | 10,00,000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/ വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ. ബി. | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ(33/19) | ട്രാൻഫർ ക്രെഡിറ്റ് | 187431 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1,87,431 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ. ബി. | തീക്കോയി കല്ലേക്കുളം കുളത്തുങ്കൽ റോഡിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ (163/19) | ട്രാൻഫർ ക്രെഡിറ്റ് | 1,35,936 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1,35,936 |
| കെ.എസ്.ഇ. ബി. | ചേരിമല റോഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(179/19) | ട്രാൻഫർ ക്രെഡിറ്റ് | 20,462 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 20,462 |
| കേരള വാട്ടർ അതോറിറ്റി | കുഴൽ കിണർ പമ്പിംഗ് സിസ്റ്റം പൂർത്തീകരിക്കൽ (168/19) | ട്രാൻഫർ ക്രെഡിറ്റ് | 35,960 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 35,960 |
| പി.ഡബ്ല്യൂ.ഡി | ഉമ്പശ്ശേരി അങ്കണവാടി നിർമ്മാണം(180/19) | ട്രാൻഫർ ക്രെഡിറ്റ് | 5,80,000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,80,000 |
| **ആകെ** | | | | | **9,59,789** |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം വായ്പയിനത്തിൽ 9,58,000/-രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. വായ്പ എടുത്തതിന്റെ തിരിച്ചടവിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ നൽകിയ സ്ഥാപനം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | | കെ.യു.ആർ.ഡി.എഫ്. സി. | | - | 0 | 95,80,000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം വരവില്ല. എന്നാൽ 2017-18ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ എൻക്വയറികളുടെയും അടിസ്ഥാനത്തിൽ 21,970/- രൂപ ഈടാക്കിയിട്ടുണ്ട്/വരവ് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഓഡി റിക്കവറി രജിസ്റ്ററിൽ ചേർത്തിട്ടില്ല(ഖ. 2-8(2) കാണുക).

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | റിപ്പോർട്ട് വർഷം | | | |
| 1997-98 | 3-3 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,79,04,782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,03,24,586 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,40,279 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 30,450 | ശ്രീ.സതീഷ് കുമാർ പി.എസ്., വി.ഇ.ഒ |
| 3-5 | 2,00,000 | ശ്രീ.സതീഷ് കുമാർ പി.എസ്., വി.ഇ.ഒ |
| 3-6 | 50,000 | ശ്രീ.സതീഷ് കുമാർ പി.എസ്., വി.ഇ.ഒ |
| 3-7 | 1,00,000 | ശ്രീ.സതീഷ് കുമാർ പി.എസ്., വി.ഇ.ഒ |
| 3-8 | 1,50,000 | ഡോ.സൗമ്യലക്ഷ്മി കെ.കെ., ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-9 | 1,25,000 | ശ്രീ.അനീഷ് വി.ശർമ്മ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ |
| 3-11 | 3,43,829 | ശ്രീമതി ഗ്രീസാ പി.എ)., സെക്രട്ടറി |
| 3-12 | 5,80,000 | ശ്രീമതി ഗ്രീസാ പി.എ)., സെക്രട്ടറി |
| **ആകെ** | **17,40,279** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

2-1, 2-2, 2-3, 2-4

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.പി2/985/96/4.01.97/ 16.4.97 | |
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(1)/3.12.18 | 1 |
| 1998-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | -- |
| 1999-00 | എൽ.എഫ്.കെ.പി2/1253/അദാ/14(2)/ 08.01.15 | 2 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.18) 218(3)/03.02.18 | -- |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(10)/17.03.18 | 1 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(2)/03.02.18 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(4)/03.02.18 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(5)/03.02.18 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(6)/03.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232/10/11.06.13 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(7)/03.02.18 | 3 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(8)/03.02.18 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(11)/ 17.03.18 | 5 |
| 2011-12,2012-13 | കെ.എസ്.എ-കെ.ടി.എം.പി.14/(അദാ.2018) 218(9)/ 03.02.18 | 3 |
| 2013-14,2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/906/ 17/23.11.18 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/1798/ 18/05.12.18 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14/1799/ 18/24.01.19 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/2022/ 2018/28.11.18/22.2.19 | 22 |

ഡെപ്യൂട്ടി ഡയറക്ടഃ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയ

## <u>അനുബന്ധം 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി14-1123/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയ**

**ഫോൺ: 048125648**
**ഇ-മെയിൽ: doktm.ksad@kerala.gov.**
**തീയതി:23.08.20**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാ നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം ജില്ലയിലെ തീക്കോ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തീക്കോ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയി അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**